# സെന്തോം ന്യൂസ്

ത്രൈമാസിക
ഏപ്രിൽ – ജൂൺ 2018
പുസ്തകം 17 – ലക്കം 2
(സ്വകാര്യ വിതരണത്തിനു മാത്രം)

## പത്രാധിപസമിതി

റവ.ജോൺസൺ വറുഗീസ്
(ചെയർമാൻ)
റവ.ബിനു തോമസ് (ചീഫ് എഡിറ്റർ)
ശ്രീ.മാമ്മൻ മാത്യു (കൺവീനർ)
ശ്രീ. പി.കെ.ഗീവർഗീസ്
ശ്രീ.ജോർജ് പി.തോമസ്
ശ്രീ.ദാനിയേൽ മാത്യു കെ.
ശ്രീ.പി.ജെ. ജോർജ്
ശ്രീ.സാജു ജോർജ്
ശ്രീ.ചാക്കോ വർഗീസ്
ശ്രീ. കെ.എസ്. ശമുവേൽ
ശ്രീമതി.മേരിക്കുട്ടി മത്തായി
ശ്രീമതി.മറിയാമ്മ ഏബ്രഹാം

## ഉള്ളടക്കം

- വികാരിയുടെ സന്ദേശം
- എഡിറ്റോറിയൽ
- സെക്രട്ടറിയുടെ കത്ത്
- സെന്തോം ഫെസ്റ്റ് റിപ്പോർട്ട്
- കവിതകൾ
- വേദപഠനം
- വാർത്തകൾ
- സഭാ പഞ്ചാംഗം
- ഇടവകമിഷൻ പ്രാർത്ഥനകൾ
- സേവികാസംഘം പ്രാർത്ഥനകൾ
- പ്രാർത്ഥനായോഗങ്ങൾ

*LAKA ST. THOM MAR THOMA CHURCH*
EDAYARANMULA
PH: 2317807 (O), 2319401 (Vicar)
2317025 (Asst. Vicar), 2319460 (Pakalveedu)
E-mail: lakamtc@gmail.com
Web: www.lakamtc.com

# ഇടവകവികാരിയുടെ സന്ദേശം

കർത്താവിൽ പ്രിയരെ,

ക്രിസ്തുയേശുവിൽ സ്നേഹവന്ദനം....

ഒരു പുതിയ സാമ്പത്തിക വർഷത്തിലേക്കു നമ്മുടെ ഇടവക പ്രവേശിച്ചുവല്ലോ. ഇടവകയുടെ വരവ്-ചെലവ് കാര്യങ്ങളിൽ വ്യാപരിച്ച ദൈവകൃപയോർക്കുന്നു. അതോടൊപ്പം ഇടവകച്ചുമതലക്കാരുടെ നിസ്വാർത്ഥമായ സേവനങ്ങളെയും , സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുവാൻ സഹായിച്ച എല്ലാവരെയും ഓർത്ത് ദൈവത്തെ സ്തുതിക്കുകയും പ്രാർത്ഥനയിൽ ഓർക്കുകയും ചെയ്യുന്നു. ട്രസ്റ്റിമാരോടൊപ്പം പ്രവർത്തിച്ച ഓഫീസ് ക്ലാർക്ക് ശ്രീ.ബിജു ജോർജിന്റെയും, പിരിവുകാര്യങ്ങളിൽ സഹായിച്ച ശ്രീ. മാത്യു തോമസിന്റെയും (സജി), ഇടവകയുടെ ഇതരകാര്യങ്ങൾ ഭംഗിയായി നിർവ്വഹിച്ച ഇടവകശുശ്രൂഷകൻ ശ്രീ. വർഗീസ് തോമസിന്റെയും സേവനങ്ങളെയും ഓർക്കുന്നു. ദൈവം തുടർന്നും നമ്മെ അനുഗ്രഹിക്കട്ടെ.

കഴിഞ്ഞവർഷം കൈസ്ഥാനസമിതിയായി പ്ലാൻ ചെയ്ത പരിപാടികളെല്ലാം തന്നെ പൂർത്തീകരിക്കുവാൻ ദൈവം തുണ ചെയ്തു. സെന്തോം ഫെസ്റ്റ്-2018-ഉം വളരെ ഗംഭീരമായും ക്രമീകൃതമായും നടത്തുവാൻ സാധിച്ചു. നേതൃത്വം നൽകിയ കൺവീനർ, വിവിധ കമ്മറ്റികൾ, സേവികാസംഘം, അതിൽ ഭാഗഭാക്കായിത്തീർന്ന എല്ലാവരോടും ഇടവകയ്ക്കും വ്യക്തിപരമായി എനിയ്ക്കുമുള്ള കൃതജ്ഞത അറിയിക്കുന്നു. സെന്തോം ഫെസ്റ്റ് കമ്മറ്റിയംഗങ്ങളും, കൈസ്ഥാനസമിതിയും, സേവികാസംഘവും ആയതിന്റെ വിജയത്തിനായി കഠിനാദ്ധ്വാനം ചെയ്തു. സേവികാസംഘാംഗങ്ങളുടെ കൂട്ടായുള്ള പ്രവർത്തനം വിസ്മയിപ്പിക്കത്തക്കതായിരുന്നു. സെയിൽ ഭംഗിയാക്കുന്നതിൽ ശ്രീ. ജോർജ് മാത്യുവും, പ്രോഗ്രാം ഗംഭീരമാക്കുന്നതിൽ ശ്രീ. പ്രസാദ് പി.ടൈറ്റസും ശക്തമായ നേതൃത്വം നൽകി. ഇവയെല്ലാം സമന്വയിപ്പിച്ച് അനുഗൃഹീതമാക്കുന്നതിൽ സെന്തോം ഫെസ്റ്റ് കൺവീനറും ഭദ്രാസനകൗൺസിലംഗവുമായ ശ്രീ. റെജി ജോർജിന്റെ നേതൃത്വവും സാമ്പത്തികകാര്യങ്ങളിൽ മേൽനോട്ടം വഹിച്ച





ഇടവകട്രസ്റ്റിമാരായ തമ്പി സാറിന്റെയും ദാനിയേൽ മാത്യുവിന്റെയും കാര്യവിചാരകത്വവും പ്രത്യേകം പ്രസ്താവ്യമത്രെ.

നമ്മുടെ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ പുനരുദ്ധാരണവികസനപരിപാടികൾ ആരംഭിക്കുകയാണ്. എല്ലാവരുടെയും സഹകരണവും പ്രാർത്ഥനയും ആയതിൽ പ്രതീക്ഷിക്കുന്നു. വിദ്യാഭ്യാസരംഗത്തും വിദ്യാലയങ്ങളിലും ഗവൺമെന്റ് കാര്യമായ പുരോഗമനപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുമ്പോൾ നമ്മുടെ സ്ഥാപനത്തിനും അനുയോജ്യമായ മാറ്റം അനിവാര്യമാണ്. സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ സഹവികാരി ബഹു.ബിനു തോമസച്ചനും കുടുംബവും മെയ് മാസം 1-ാം തീയതി വെൺമണി ബെഥനി ഇടവകയിലേക്ക് ട്രാൻസ്ഫർ ആവുകയാണ്. കഴിഞ്ഞ 2 വർഷം ഒത്തൊരുമിച്ച് പ്രവർത്തിക്കുവാൻ ഞങ്ങൾക്ക് സാധിച്ചു. അച്ചന്റെ ആലോചനകളും ശുശ്രൂഷകളും വളരെ വിലപ്പെട്ടതായിരുന്നു. ശാന്തഗംഭീരമായ പെരുമാറ്റവും സഹകരണമനോഭാവവും ഒരു കൈത്താങ്ങായിരുന്നു. എല്ലാ യാത്രാമംഗളങ്ങളും അച്ചനും കുടുംബത്തിനും ആശംസിക്കുന്നു. പുതിയ സഹവികാരിയായി ഇപ്പോൾ കൈപ്പുഴ സെന്റ് ജോൺസ് ഇടവകവികാരിയായി പ്രവർത്തിക്കുന്ന ബഹു.ഷൈനു ബി. അച്ചൻ മെയ് 1 മുതൽ ചുമതലയേൽക്കും. അച്ചൻ കൊട്ടാരക്കര മഞ്ഞക്കാലാ ട്രിനിറ്റി (തലവൂർ) ഇടവകാംഗമാണ്. ഇടവകയുടെ വിവിധങ്ങളായ പ്രവർത്തനങ്ങളിൽ സഹകരിച്ച് സഹായിക്കുന്ന എല്ലാവരോടുമുള്ള കടപ്പാട് അറിയിക്കുന്നു. തുടർന്നും നമുക്കും നമ്മുടെ ഇടവകയ്ക്കും ഫലകരമായി പ്രവർത്തിപ്പാൻ ദൈവസഹായത്തിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

കർതൃശുശ്രൂഷയിൽ

**ജോൺസൺ അച്ചൻ**

# എഡിറ്റോറിയൽ

***സ്നേഹവന്ദനം.***

രണ്ടു വർഷം വളരെ വേഗത്തിൽ തീർന്നുപോയതുപോലെ തോന്നുന്നു. നീ ഭൂമിയിൽ അന്യനും പരദേശിയും ആണെന്ന് ഓരോ മാറ്റത്തിന്റെ സമയത്തും ഓർമ്മ വരും പോകുന്നിടത്തൊക്കെ കാലുറപ്പിക്കുമ്പോഴും വേരുറപ്പിക്കാതെ കൂടാരം മാറ്റിമാറ്റി പ്രവാസിയായും പരദേശിയായും പഥികനായുമൊക്കെ ഈ അവസ്ഥ ശീലിച്ചുകഴിഞ്ഞു.

ഇതു കണക്കെടുക്കാതും, പരിഭവം പറയാനുമുള്ള അവസരമാണെന്ന് തോന്നുന്നില്ല. ലഭിച്ചതിക്കുറിച്ച് അഹങ്കാരമില്ല. ലഭിക്കാതെ പോയതിനെക്കുറിച്ച് പരിഭവവുമില്ല. കഴിഞ്ഞ 2 വർഷം നിങ്ങളുടെ ഭാഗമായി ഞങ്ങളെ സ്വീകരിച്ച് സുഖത്തിലും ദുഖത്തിലും പങ്കു തന്നതിന് പ്രാർത്ഥനയിൽ വഹിച്ചതിനും സന്തോഷം അറിയിക്കുന്നു. പാരമ്പര്യത്തിനും ആത്മീയതയ്ക്കും പുകൾപെറ്റ ഈ ഇടവകയിൽ നിന്നും പല പുതിയ വെല്ലുവിളികളും ലഭിച്ചിട്ടുണ്ട്. പുതിയ വെളിവുകൾ ഉണ്ടായിട്ടുണ്ട്. പല മാറ്റങ്ങൾക്കും കാഴ്ചപ്പാടുകൾക്കും നിങ്ങളെന്നെ പ്രേരിപ്പിച്ചു. തുടർ ശുശ്രൂഷയ്ക്ക് ഇതൊക്കെ സഹായകരമായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഓക സെന്തോം ഇടവക വളരെയധികം സാധ്യതകൾ ഉള്ള ഇടവകയാണ്. ഇന്നിന്റെ വെല്ലുവിളികളെ തിരിച്ചറിഞ്ഞ് അർത്ഥവത്തായിത്തീരണമെങ്കിൽ കാലങ്ങളായി നാം കുടിയിരിക്കുന്ന ചില ധാരണകളുടെയും മാമൂലുകളുടെയും വാക്മീകങ്ങൾ പൊട്ടിച്ച് യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കണം. കാണപ്പെടാതെ പോകുന്നവരുടെ കാഴ്ചയാകണം. കുട്ടികളെയും യുവജനങ്ങളെയും ഉൾക്കൊള്ളുന്ന പുതിയ കാഴ്ച്ചപ്പാടുകൾ ഉണ്ടാകണം. ദൈവാത്മാവിന്റെ പ്രവർത്തനത്തിന് നമ്മളെയും നമ്മുടെ ഇടങ്ങളെയും വിട്ടുകൊടുക്കണം. ഇതിനു ദൈവം നമ്മെ സഹായിക്കട്ടെ.

**നന്ദി**

ഇടവകവികാരി ജോൺസൺ വറുഗീസ് അച്ചനിൽ നിന്നും കുടുംബത്തിൽ നിന്നും ലഭിച്ച പിന്തുണയും മാർഗനിർദ്ദേശങ്ങളും സ്നേഹവും വിലമതിക്കാനാവാത്തതാണ്. ഒരു സഹവികാരിയെന്നതിനേക്കാൾ സഹോദരനായിട്ടാണ് അച്ചൻ എന്നെ കരുതിയത്. അച്ചനോടും കുടുംബത്തോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കട്ടെ. കഴിഞ്ഞ രണ്ട് വർഷങ്ങളിൽ കൈസ്ഥാനസമിതിയിലും കമ്മറ്റികളിലും കൂടെ പ്രവർത്തിച്ചവരോടും ചുമതലക്കാരോടുമുള്ള നന്ദി അറിയിക്കുന്നു. സഹോദരന്മാരായി കൂടെ നിന്ന സനൽ അച്ചൻ, ബിനു ബ്രദർ കുടുംബം എല്ലാവർക്കും നന്ദി. ഇടവകയിൽ എന്നെ ശുശ്രൂഷിച്ച ബാബുച്ചായൻ, സജി, ബിജു ഇവരോടും നന്ദി അറിയിക്കുന്നു.

ആകേണ്ടതുപോലെ ആകുവാൻ സാധിച്ചിട്ടില്ല എന്നറിയാം. എന്തെങ്കിലും വീഴ്ചകൾ വന്നിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കുക.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനകളോടെ

*ബിനു അച്ചൻ*





## നന്ദിപൂർവ്വം....

*ഉത്ഥാനത്തിന്റെ ഉണർവ്വുമായ് ഏപ്രിൽ മാസം....*

ഉത്ഥിതന്റെ വഴികളിൽ....സത്യം തേടി...ജീവനിലേക്ക്...നമുക്ക് പ്രയാണം ചെയ്യാം.

ഏപ്രിൽ 2 മുതൽ 12 വരെ വി.ബി.എസ് – 'കുട്ടികളുടെ ഫെസ്റ്റ് ' വർത്തമാനകാലത്ത് വിറ്റഴിക്കപ്പെടുന്ന ഭക്തിഭാവങ്ങളിൽ നിന്ന് വ്യത്യസ്തമായ ഗാനങ്ങളിലൂടെയും കഥകളിലൂടെയും ചിത്രങ്ങളിലൂടെയും അരുമനാഥനെ അനുഭവിച്ചറിഞ്ഞ് ദൈവപരിപാലനത്തിന്റെ വിശ്വാസവഴിത്താരയിൽ ചുവടുവെയ്ക്കുന്നതിന് ഇടവകയിലെ തലമുറയെ പരിശീലിപ്പിക്കുന്ന വേദി. *"ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും, പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന് മനസ്സുപുതുക്കി* ***രൂപാന്തരപ്പെടുവിൻ" (റോമ. 12:2).***

തൊഴിലിന്റെ ദിവ്യമായ ഓർമ്മപ്പെടുത്തലോടെ മെയ് മാസം...

തൊഴിൽ മേഖലയെ വിശുദ്ധ ഇടമായി കാണുവാൻ തിരുവചനം പ്രചോദനം നൽകുന്നു. ധന്യമായ സ്വർഗാത്മകവൃത്തിയായ് സ്വന്തം കർമ്മവേദിയെ കാണുവാൻ സർവ്വേശ്വരൻ നമ്മെ സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കാം. ഇടയന്റെ നന്മകളെ സ്മരിക്കുന്ന വേളയായി ഇടവകദിനവും മെയ് മാസത്തിലെത്തുന്നു. അനവരതമായ നന്മകൾ നൽകി അനുഗ്രഹിക്കുന്ന അരുമനാഥന് സ്തുതി സ്തോത്രങ്ങളർപ്പിക്കുന്ന ദിനം. *"യഹോവയ്ക്ക് സ്തോത്രം ചെയ്യുവിൻ, അവൻ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളത്"* ***(സങ്കീ. 136:1).***

പുത്തനുടുപ്പും ബാഗുമായി വിദ്യാലയമുറ്റത്ത് കുരുന്നുകളണയുന്ന ജൂൺ മാസം... മത്സരങ്ങളിലധിഷ്ഠിതമായ വർത്തമാനകാലത്ത് കുരുന്നുകളുടെ നാവിൻ തുമ്പത്ത് ദൈവസ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും കരുതലിന്റെയും അക്ഷരങ്ങളും അക്കങ്ങളും പകരപ്പെടുവാൻ പ്രാർത്ഥിക്കാം, യത്നിക്കാം...*"യഹോവയല്ലോ ജ്ഞാനം നൽകുന്നത്"* ***(സദൃ. 2:6)***

തിരുസഭയുടെ ക്രമീകരണമനുസരിച്ച് കഴിഞ്ഞ 2 വർഷക്കാലം സഹവികാരിയായിരുന്ന ബിനു തോമസച്ചനും കുടുംബവും മറ്റൊരു ഇടവകയിലെ സേവനത്തിലേക്ക് പ്രവേശിക്കുന്നു. നിർമ്മലമായ്...നിസ്വാർത്ഥമായ് ഈ ഇടവകയിൽ ശുശ്രൂഷ ചെയ്ത അച്ചനും കുടുംബത്തിനും കൃതജ്ഞതാനിർഭരമായ മനസ്സോടെ യാത്രാമംഗളങ്ങൾ നേരുന്നു.

ഇടവക വികാരി ജോൺസൺവറുഗീസച്ചൻ, ഇടവകചുമതലക്കാർ, കൈസ്ഥാന സമിതിയംഗങ്ങൾ, സംഘടനാഭാരവാഹികൾ, ഇടവക ജീവനക്കാർ പ്രത്യേകിച്ച് സെന്തോം ന്യൂസിന് രൂപവും ഭാവവും നല്കുവാൻ സഹായിക്കുന്ന ബിജു, എല്ലാവരോടും നന്ദി. എല്ലാറ്റിനും നന്ദി...

പുതിയ ചുമതലക്കാർക്ക് എല്ലാ നന്മകളും ഭാവുകങ്ങളും നേരുന്നു. കൈപിടിച്ച് നടത്തിയ അരുമനാഥന് സ്തുതിസ്തോത്രങ്ങളർപ്പിച്ചുകൊണ്ട്

പ്രാർത്ഥനയോടെ,

**മാമ്മൻ മാത്യു**

**ഇടവക സെക്രട്ടറി**

## സെന്തോം ഫെസ്റ്റ് – 2018



ഇടവകയിലെ ആബാലവൃദ്ധം ജനങ്ങളുടെ കൂട്ടായ്മയായ സെന്തോം ഫെസ്റ്റ് ഈ വർഷം വളരെ ഭംഗിയായി നടത്തുവാൻ ദൈവം ശക്തീകരിച്ചു. സെന്തോം ഫെസ്റ്റ് പ്രവർത്തനങ്ങൾ ഭംഗിയാക്കുന്നതിനും വിജയത്തിലെത്തിക്കുന്നതിനും പരിശ്രമിച്ച ഏവരെയും നന്ദിയോടെ സ്മരിച്ചുകൊണ്ട് സെന്തോം ഫെസ്റ്റ് – 2018 ന്റെ റിപ്പോർട്ട് സമർപ്പിക്കട്ടെ.

ഫെസ്റ്റിന്റെ പ്രാരംഭക്രമീകരണങ്ങൾ ഫെബ്രുവരി മാസം മൂന്നാം തീയതി രാവിലെ 9 മണിയോടുകൂടെ പൂർത്തിയായി. ഇടവകവികാരി റവ. ജോൺസൺ വറുഗീസിന്റെ പ്രാർത്ഥനയോടെ ഫെസ്റ്റിന്റെ ദിനം ആരംഭിച്ചു.

**ഉദ്ഘാടനവും, വലിയ മെത്രാപ്പോലീത്തായ്ക്ക് അനുമോദനവും:** ഫെസ്റ്റിന്റെ ഉദ്ഘാടനം അന്നേ ദിവസം രാവിലെ 10.15 – ന് ബഹു.രാജ്യസഭാ ഉപാദ്ധ്യക്ഷൻ പ്രൊഫ.പി.ജെ. കുര്യൻ നിർവ്വഹിച്ചു. ഇടവകവികാരി റവ. ജോൺസൺ വർഗീസ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്തംഗം വിനീതാ അനിൽ, ചലച്ചിത്രതാരം – സംവിധായകൻ എം.ബി.പദ്മകുമാർ, സഹവികാരി റവ. ബിനു തോമസ് ജനറൽ കൺവീനർ റെജി ജോർജ് എന്നിവർ ആശംസകൾ അർപ്പിച്ചു. സമ്മേളനത്തിൽ രാഷ്ട്രം പദ്മഭൂഷൺ നൽകി ആദരിച്ച മാർത്തോമ്മാ സഭയുടെ ഇടയശ്രേഷ്ഠൻ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായ്ക്ക് സ്വീകരണം നൽകി അനുമോദിച്ചു. ഇടവകയുടെ ഉപഹാരവും മൊമെന്റോയും ബഹു. പ്രൊഫ.പി.ജെ. കുര്യൻ സമർപ്പിച്ചു. അഭിവന്ദ്യ തിരുമേനിയെ ദേവാലയകവാടത്തിൽ നിന്നും വാദ്യമേളങ്ങളുടെയും എൻ.സി.സി, എസ്.പി.സി കേഡറ്റുകളുടെ അകമ്പടിയോടുകൂടെയും സ്വീകരിച്ചാനയിച്ചു.

**കുട്ടികളുടെ സംഗമം:** തുടർന്ന് നടന്ന കുട്ടികളുടെ സംഗമത്തിൽ പ്രശസ്ത കവിയും ഗാനരചയിതാവുമായ ശ്രീ. ഇഞ്ചക്കാട് ബാലചന്ദ്രൻ, കാർട്ടൂണിസ്റ്റ് ചിക്കൂസ് ശിവൻ എന്നിവർ കുട്ടികളുമായി സംവദിച്ചു.

**യുവസംഗമം:** യുവജനങ്ങൾക്കായി സംഘടിപ്പിച്ച സമ്മേളനം ബഹു.സംസ്ഥാന എക്സൈസ് കമ്മീഷണർ ശ്രീ.ഋഷിരാജ് സിംഗ് ഐ.പി.എസ് ഉദ്ഘാടനം ചെയ്തു. റവ.ബിനു തോമസ് അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് ലഹരിയിലമരുന്ന യുവത്വം – പ്രശ്നങ്ങളും പ്രതിവിധികളും എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ചർച്ചയിൽ ശ്രീ.പി.സി.വിഷ്ണുനാഥ് എക്സ് എം.എൽ.എ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമ്മൻ കൊണ്ടൂർ എന്നിവർ സംസാരിച്ചു. തുടർന്ന് സിവിൽ എക്സൈസ് ഓഫീസർ ശ്രീ. ബിനു വർഗീസ് ക്ലാസ്സ് നയിച്ചു.

**വനിതാസംഗമം:** ഉച്ചയ്ക്ക് 2 മണിയ്ക്ക് നടന്ന വനിതാസംഗമത്തിൽ ഏഷ്യാനെറ്റ് ഫെയിം ശ്രീ. കിഷോറിന്റെ നേതൃത്വത്തിൽ കുക്കറി ഷോ അവതരിപ്പിച്ചു. നമ്മുടെ കുട്ടികളും യുവജനങ്ങളും നേതൃത്വം നൽകിയ വിവിധകലാപരിപാടികളും നടത്തപ്പെട്ടു.





**സമാപനസമ്മേളനം :** വൈകിട്ട് 5 മണിയ്ക്ക് നടന്ന സമാപനസമ്മേളനത്തിൽ സിനിമാതാരം ശ്രീ.ക്യാപ്ടൻ രാജു മുഖ്യാതിഥിയായിരുന്നു. ചെങ്ങന്നൂർ – മാവേലിക്കര ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ തിമോത്തിയോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷനായിരുന്നു. മേല്പട്ടത്വശുശ്രൂഷയിൽ 25 വർഷം പൂർത്തിയാക്കുന്ന തിരുമേനിയ്ക്ക് ഇടവകയുടെ അനുമോദനങ്ങൾ അർപ്പിക്കുകയും മൊമെന്റോ നൽകി ആദരിക്കുകയും ചെയ്തു. ക്രൈസ്തവഗാനരചയിതാക്കളായ പി.ഡി.ജോൺ, നൈനാൻ പുന്നവേലി, ചാൾസ് ജോൺ, തോമസ് മാത്യു എന്നിവരെ അഭി.തിരുമേനി പൊന്നാട നൽകി ആദരിച്ചു. അവരുടെ അനുഭവസാക്ഷ്യങ്ങൾ സമ്മേളനത്തിൽ പങ്കുവെച്ചു. പൊതുസമ്മേളനത്തിനുശേഷം പ്രശസ്തക്രൈസ്തവഗായകരായ ഇമ്മാനുവേൽ ഹെൻട്രി, ബിനോയ് ചാക്കോ എന്നിവർ നേതൃത്വം നൽകിയ സംഗീതസന്ധ്യ നടത്തപ്പെടുകയുണ്ടായി.

**സാമ്പത്തികം :** ഫെസ്റ്റിന്റെ നടത്തിപ്പിൽ 12,25,670 രൂപാ വരവും 5,49,897രൂപാ ചെലവും 6,75,773 രൂപാ നീക്കിബാക്കിയും ലഭിച്ചു.

**കൃതജ്ഞത :** സെന്തോം ഫെസ്റ്റിന്റെ പ്രവർത്തനങ്ങളിൽ വ്യാപരിച്ച ദൈവകൃപയ്ക്കായി സ്തോത്രം ചെയ്യാം. ഈ പരിപാടി വൻവിജയമാക്കിത്തീർക്കുവാൻ അനേകരുടെ ലാഭേച്ഛ കൂടാതെയുള്ള ആത്മാർത്ഥമായ കഷ്ടപ്പാടും സഹകരണവും ലഭിച്ചു. ഈ പരിപാടിയ്ക്ക് നേതൃത്വവും വേണ്ട ഉപദേശങ്ങളും നൽകിയ റവ.ജോൺസൺ വറുഗീസ്, സഹവികാരി റവ.ബിനു തോമസ് എന്നിവരോടുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. ഇടവകസെക്രട്ടറി ശ്രീ. മാമ്മൻ മാത്യു, വിവിധകമ്മറ്റികൾക്ക് നേതൃത്വം നൽകിയ കൺവീനർമാർ – ജോർജ് പി.തോമസ്, ദാനിയേൽ മാത്യു, പ്രസാദ് പി.ടൈറ്റസ്, ജോർജ് മാത്യൂസ്, മനീഷ് സഖറിയാ, പി.ജി. വർഗീസ്, എം.എം. വർഗീസ്, അലക്സ് ജോൺ, വി.ഒ. ഈപ്പൻ എന്നിവരോടും സേവികാസംഘം സെക്രട്ടറി മറിയാമ്മ ഏബ്രഹാം, ഏരിയാ സെക്രട്ടറിമാർ, ഫെസ്റ്റ് കമ്മറ്റിയംഗങ്ങൾ, സ്പോൺസർഷിപ്പ് നൽകി സഹായിച്ച ഷിനു കേറ്ററിംഗ് ആറാട്ടുപുഴ, സുജു മാത്യു പനംതോടത്ത്, ഈപ്പൻ വർഗീസ് കുമ്പളപ്പള്ളിൽ എന്നിവരോടും പരസ്യം നൽകി സഹായിച്ചവരോടും കൂപ്പൺ സെയിൽ ഉദ്ഘാടനം ചെയ്തു സഹായിച്ച സാംജി മാത്യു വൈരിശേരിലിനോടും ഫെസ്റ്റിന് സർവ്വവിധ പിന്തുണയും ഉപദേശങ്ങളും നൽകിയ കെ.വി. ശമുവേലച്ചനോടും, കെ.കെ. ഏബ്രഹാമച്ചനോടും, കെ.എ. തോമസച്ചനോടും, ജോർജ് കെ. ജോണച്ചനോടും ബഹു. കൊച്ചമ്മമാരോടും വൈദികട്രെയിനി ബിനു സി. വർഗീസിനോടും കുടുംബത്തോടും ഇടവകജീവനക്കാരോടും നന്ദി അറിയിക്കുന്നു.

**ഉപസംഹാരം:** സെന്തോം ഫെസ്റ്റിന്റെ പ്രവർത്തനങ്ങളിൽ ആദിയോടന്തം അനവരതമായി വ്യാപരിച്ച ദൈവകൃപയ്ക്ക് ഒരായിരം സ്തുതിസ്തോത്രങ്ങൾ അർപ്പിച്ചുകൊണ്ട് സകലവും കർത്താവിൽ അർപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു.

**റെജി ജോർജ് മൊട്ടയ്ക്കൽ**

സെന്തോം ഫെസ്റ്റ് ജനറൽ കൺവീനർ

കവിതകൾ

## സ്നേഹം

സ്നേഹത്തിൻ വില അറിയാത്തോരിവിടെ
സ്നേഹം നടിച്ചു വിലസിടുന്നു.
സ്നേഹത്തിൻ ഭാവമാം ആട്ടിൻതോലിട്ട
സ്നേഹമറിയാത്ത ചെന്നായ പോൽ

സ്നേഹിതർ ഒത്തിരി ഉണ്ടെന്നിരിക്കിലും
സ്നേഹിക്കുന്നവർ അവരിൽ അല്പം മാത്രം
ദൈവത്തിൻ നാടായ കൊച്ചുകേരളം
സാത്താന്റെ പിടിയിലായെന്നു തോന്നിടും

പാട്ടുണ്ട്, പ്രാർത്ഥനാക്കൂട്ടങ്ങളുണ്ട്
കൺവൻഷനും മെഗാ കൺവൻഷനുമുണ്ട്
പാരമ്പര്യം പറയുവാനൊത്തിരിയുണ്ട്
കൊച്ചുകുഞ്ഞുപദേശി മുതൽ പേരുകളുമുണ്ട്

ക്രിസ്ത്യാനി ആയതിൽ അഭിമാനം കൊള്ളണം
ക്രിസ്തുവിനായ് ജീവിതം മാറണം
ക്രിസ്തു സ്നേഹിച്ച സ്നേഹത്തെ ഓർക്കണം
ക്രിസ്തു സഹിച്ച ത്യാഗത്തെ ഓർക്കണം

ക്രിസ്തു നമ്മുടെ മാതൃകയാവണം
ക്രിസ്തു നമ്മുടെ രക്ഷിതാവാകണം
ക്രിസ്തു നമ്മുടെ നായകനാവണം
ക്രിസ്തു കർത്താദികർത്താവാകണം

സ്നേഹം നമ്മിൽ നിറഞ്ഞു കവിയണം
കൂട്ടങ്ങളൊക്കെയും സ്നേഹത്താൽ നിറയണം
കൂട്ടങ്ങളൊക്കെയും നാൾക്കുനാൾ വളരണം
കൂട്ടങ്ങൾ കണ്ട് കർത്താവ് സന്തോഷിക്കണം

മനുഷ്യർ മനുഷ്യരെ കൊന്നിടുന്നു
തട്ടിപ്പും വെട്ടിപ്പും നടന്നിടുന്നു
കൊള്ളയും കൊലപാതകവും
എല്ലാ ചതിവും വഞ്ചനയും വർദ്ധിച്ചിടുന്നു

ബാലന്മാർ മുതൽ വൃദ്ധന്മാർ വരെ
പീഢനക്കേസിൽ പിടിക്കപ്പെടുന്നു
സ്നേഹം പ്രസംഗിക്കുന്നവർ പോലും
കാരാഗൃഹത്തിൽ അടയ്ക്കപ്പെടുന്നു.

അക്കരെ നാടിനെ നോക്കി നാം പാർക്കുമ്പോൾ
ഇക്കരെനാട്ടിലെ സന്തോഷം വെടിയണം
സ്നേഹിക്കണം സ്നേഹിക്കപ്പെടണം
ദൈവം - സ്നേഹമാണെന്ന്
ഓർത്ത് നാം ജീവിക്കണം

**റ്റി.സി. തോമസ്**, വെമ്മേലിൽ തടത്തിൽ

## അമ്മ

സ്നേഹത്തിൻ രൂപമാണമ്മ
ജീവന്റെ നാളമാണമ്മ
എന്നന്തരാത്മാവിൻ ഗാനമെൻ അമ്മ
അമ്മയില്ലാത്തൊരീ ജീവിതം ശൂന്യം
ദുഖത്തിൻ ചൂടിൽ വെന്തു നീറുമ്പോൾ
ഏകയായ് ജീവിതം ഭാരമാകുമ്പോൾ
നിന്നെക്കുറിച്ചുള്ള ചിന്ത എൻ ജീവനിൽ
പുതുജീവൻ പകർന്നിടുമമ്മേ
എന്തെല്ലാം തെറ്റു ഞാൻ ചെയ്തെന്നാലും

നിൻ മാറിലെ സ്നേഹം കുറഞ്ഞിടുമോ
നിൻ സ്നേഹത്തിൻ അളവെനിക്കറിയില്ല
നിൻ സ്നേഹമാണെൻ ജീവശ്വാസം
നുകരുന്നു ഞാൻ നിൻ വാത്സല്യമെപ്പോഴും
അനുഭവിക്കുന്നു നിൻ സ്നേഹസ്പർശം
ആരുമില്ലീ ഭൂവിൽ നിനക്കു തുല്യം
ആഗ്രഹിക്കുന്നു ഞാൻ നിൻ ആശീർവാദം

**സുജാ ബിനു**





## 2018 – 19 ലെ ഇടവക ചുമതലക്കാർ



**വൈസ് പ്രസിഡന്റ്**
വർഗീസ് ചെറിയാൻ
ചക്കിട്ടയിൽ രാജ് വില്ല



**സെക്രട്ടറി**
തോമസ് ജോർജ്
കുന്നത്ത്



**ട്രസ്റ്റി (മുതൽചുമതല)**
ദാനിയേൽ മാത്യു
കൊച്ചുമണ്ണിൽ



**ട്രസ്റ്റി (കണക്ക് ചുമതല)**
**പി. ജി. വർഗീസ്**
**പുറ്റുംപുറത്ത്**

## സണ്ടേസ്കൂൾ സമാജം ബിരുദ് പരീക്ഷയിൽ ഉന്നതവിജയം നേടിയ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇടവകയുടെ അഭിനന്ദനങ്ങൾ



**കെവിൻ ജോർജ്ജ്**
കുമാരവകുപ്പ് (89)
മാലക്കരമല



**മെറിൻ ഗ്രെയ്സ് ജോർജ്ജ്**
ജ്യേഷ്ഠവകുപ്പ് (75)
മാലക്കരമല



**ലിജി റേച്ചൽ ജെയിംസ്**
ജ്യേഷ്ഠവകുപ്പ് (75)
മാലക്കരമല



**ആൻഡ്രൂ ബെൻ അനീഷ്**
കുമാരവകുപ്പ് (88)
ഇടയാറന്മുള



**ജീനാ മേരി മാത്യു**
മദ്ധ്യവകുപ്പ് (77)
ഇടയാറന്മുള



**റെയ്ഷാ മെറിൻ മാത്യു**
ജ്യേഷ്ഠവകുപ്പ് (83)
മാലക്കര



**നിഷി മേരി മാത്യു**
യുവവകുപ്പ് (81)
മാലക്കര



**സയനാ വർഗ്ഗീസ്**
അദ്ധ്യാപകപരീക്ഷ (88)
ഇടയാറന്മുള



**സിമി സാറാ ചാക്കോ**
അദ്ധ്യാപകപരീക്ഷ (84)
എരുമക്കാട്

# വേദപഠനം



വർഗീസ് ചെറിയാൻ, ചക്കിട്ടമലയിൽ രാജ് വില്ല

( ഈ ലക്കം ചോദ്യങ്ങളും മർക്കോസിന്റെ സുവിശേഷം കേന്ദ്രീകരിച്ച് ഉള്ളതാണ്. ഉത്തരങ്ങൾ റഫറൻസ് സഹിതം 30 ദിവസങ്ങൾക്കകം നേരിട്ടോ, ഇടവക ഓഫീസിലോ ഏല്പിക്കുക.)

1. "ചിലർ ഈ നിൽക്കുന്നവരിൽ ഉണ്ട് എന്ന് ഞാൻ സത്യമായിട്ട് പറയുന്നു " എന്തിനെക്കുറിച്ച് പറയുന്നു ?
2. "ഞാൻ നിന്റെ ശിഷ്യന്മാരോട് പറഞ്ഞിട്ട് അവർക്ക് കഴിഞ്ഞില്ല " ആര്, ആരോട്, എന്തിനെക്കുറിച്ച് പറഞ്ഞു ?
3. ഭാര്യയെ ഉപേക്ഷിക്കുന്നത് വിഹിതമോ എന്ന ചോദ്യത്തിന് യേശു നൽകുന്ന മറുപടി എന്ത് ?
4. ദൈവരാജ്യത്തിൽ കടക്കയില്ല എന്നും, ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം എന്ന് ആരെക്കുറിച്ചൊക്കെ പറയുന്നു ?
5. സെബദി മക്കൾ യേശുവിനോട് തങ്ങൾ യാചിക്കുന്നത് ചെയ്ത് തരണമെന്ന് അപേക്ഷിക്കുന്ന ആഗ്രഹം എന്താണ് ?
6. അത്തിവൃക്ഷത്തെ യേശു ശപിച്ചത് എന്തുകൊണ്ട് ?
7. ദൈവത്തിന്റെ ആലയത്തെക്കുറിച്ച് യേശുവിന്റെ കാഴ്ചപ്പാട് എന്ത് ? ആലയം എന്ത് ആകരുത് എന്ന് ഉദ്ദേശിക്കുന്നു ?
8. മുന്തിരിത്തോട്ടവും, കുടിയാന്മാരുടെയും ഉപമ തങ്ങളെക്കുറിച്ചാണെന്ന് അറിഞ്ഞപ്പോൾ ജനം എന്ത് ചെയ്തു ?
9. പുനരുത്ഥാനം ഇല്ല എന്ന് പറയുന്നവൻ ആര് ?
10. "ഇതിൽ വലുതായിട്ട് മറ്റൊരു കല്പനയും ഇല്ല " - ഏത് കല്പന ?
11. ദേവാലയത്തിന്റെ പണികളെ കാണിച്ചുകൊടുത്ത ശിഷ്യനോട് യേശു പറഞ്ഞതെന്ത് ?
12. ഈറ്റുനോവിന്റെ ആരംഭം എന്ത് ?
13. ആകാശവും ഭൂമിയും ഒഴിഞ്ഞുപോയാലും, മാറ്റമില്ലാത്തത് എന്ത് ?
14. ആ നാളും നാഴികയും സംബന്ധിച്ച് പിതാവല്ലാതെ ആരും അറിയുന്നില്ല - ഏത്?
15. യേശുവിനെ ബേഥാന്യയിൽ വെച്ച് ആര്, എന്ത് തൈലം ഒഴിച്ച് തേച്ചു ?
16. തൈലാഭിഷേകപ്രവർത്തി എന്തിനായിട്ടായിരുന്നു എന്നാണ് യേശു പറയുന്നത്?
17. മനുഷ്യപുത്രനെ കാണിച്ച് കൊടുക്കുന്നവനെക്കുറിച്ച് യേശ് എന്തു പറഞ്ഞു?
18. ഒലിവുമലയിൽ വെച്ച് ഇടറിപ്പോകുന്ന ശിഷ്യന്മാരെക്കുറിച്ച് പഴയനിയമ





ഉദ്ധരണിയിൽ പറഞ്ഞത് എന്ത് ?

19. ഗത്ശമനത്തോട്ടത്തിലെ യേശുവിന്റെ പ്രാർത്ഥനയുടെ ചുരുക്കം എഴുതുക.
20. യേശുവിനെ വിസ്തരിച്ചത് എവിടെയെല്ലാം?

## കഴിഞ്ഞ ലക്കം (ജനുവരി – മാർച്ച് 2018) വേദപഠനം ഉത്തരങ്ങൾ

1. മർക്കോസ് യെരുശലേമിലാണ് ജനിച്ചത്. യോഹന്നാൻ എന്ന് മറുപേരുള്ള മർക്കോസിന്റെ മാതാവിന്റെ പേര് മറിയ എന്നാണ്. യേരുശലേമിൽ പ്രാർത്ഥനയ്ക്കായി കൂടിവരുന്ന വിശാലമായ ഒരു മാളിക മറിയയ്ക്ക് ഉണ്ടായിരുന്നു. യേശുവിനും, ശിഷ്യന്മാർക്കും പെസഹാ ഒരുക്കിയ മാളിക ഇതായിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്നു. ഗത്ശമനത്തോട്ടത്തിൽവെച്ച് എല്ലാവരും ഓടിപ്പോയപ്പോൾ, ഒരു പുതപ്പും പുതച്ചുകൊണ്ട് യേശുവിനെ അനുഗമിച്ച ബാല്യക്കാരൻ മർക്കോസ് എന്ന് കരുതുന്നു. ഒന്നാമത്തെ മിഷനറിയാത്രയിൽ പൗലോസിനോടും, ബർന്നബാസിനോടും കൂടെ മർക്കോസ് ഉണ്ടായിരുന്നു - അ.പ്ര.12:12, മർക്കൊ.14:15, കൊലൊ.4:10, ഫിലെ.24
2. ദൈവത്തിന്റെ വിശ്വസ്ത ദാസനായി - മർക്കൊ.10:45
3. കാലം തികഞ്ഞു, ദൈവരാജ്യം സമീപിച്ചിരിക്കുന്നു, മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ - 1:15
4. ഇടിമക്കൾ എന്നർത്ഥമുള്ള ബൊവനെഗ്രെസ് എന്ന് പേരിട്ടു - 3:17
5. യേശു സാത്താനെക്കുറിച്ച് പറഞ്ഞു - 3:26
6. കടുകുമണി - എല്ലാ സസ്യങ്ങളിലും വലുതായി വളരുന്നു. ആകാശത്തിലെ പക്ഷികൾ അതിന്റെ നിഴലിൽ വസിക്കത്തക്കവണ്ണം വലുതായി കൊമ്പുകൾ വിടുന്നു - 4:31 - 32
7. ദെക്കപ്പൊലി നാട് - 5:20
8. തങ്ങളുടെ കാലിലെ പൊടി കുടഞ്ഞുകളയുവാൻ ഉപദേശിച്ചു - 6:11
9. 1. മുളച്ചുവരുന്ന വിത്തിന്റെ ഉപമ - 4:26 - 29
   2. വിക്കനായൊരു ചെകിടനെ സൗഖ്യമാക്കുന്നു - 7:31 - 37
   3. ബേത്സയിദയിലെ കുരുടനെ സൗഖ്യമാക്കുന്നു - 8:22 - 26
10. ഹെരോദാവ് രാജാവ്, യോഹന്നാൻ സ്നാപകന്റെ ശിരച്ഛേദനം - 6:21, 6:28
11. ഏകദേശം രാത്രി നാലാംയാമത്തിൽ. ശിഷ്യന്മാർ അവനെ കണ്ടിട്ട് ഭൂതം എന്ന് നിരൂപിച്ചു - 6:48 - 49
12. യേശു ആത്മാവിൽ ഞരങ്ങി. പരീശന്മാർ അവനെ പരീക്ഷിച്ച്

ആകാശത്തുനിന്ന് ഒരു അടയാളം അന്വേഷിച്ച് തർക്കിച്ചു - 8:11,12

13. യേശു ശാസ്ത്രിമാരോട് പറഞ്ഞു - 2:8
14. യേശു രക്തസ്രാവമുള്ള സ്ത്രീയോട് പറഞ്ഞു - 5:34
15. യേശു സുരൊഫൊയിക്യ ജാതിയിലുള്ള യവന സ്ത്രീയോട് - 7:29
16. ഏഴ് അപ്പവും, കുറെ ചെറിയ മീനും വാഴ്ത്തി, ശേഷിപ്പ് ഏഴ് വട്ടി - 8:6 - 8
17. കപടഭക്തിയെയും, ലോകമയത്വത്തെയും കാണിക്കുന്നു - 8:14 - 17
18. തുറന്നു വരിക എന്നർത്ഥം - 7:34
19. ബേത്ത്സെയിദയിലെ കുരുടൻ - കണ്ണിൽ തുപ്പി - ഭാഗികമായ കാഴ്ച കൈവെച്ചു - പൂർണ്ണ കാഴ്ച ലഭിച്ചു - 8:22 - 25
20. മനുഷ്യപുത്രനും തന്റെ പിതാവിന്റെ തേജസ്സിൽ ദൂതന്മാരുമായി വരുമ്പോൾ അവനെക്കുറിച്ചും നാണിക്കും - 8:38

## കഴിഞ്ഞലക്കം വേദപഠനം ശരിയുത്തരം നൽകിയവർ

**1.** ഏലിയാമ്മ തോമസ്, അണ്ടത്തേത്ത് **2.** ആശാ തോമസ്, മുളനിൽക്കുംകാലായിൽ **3.** പുഷ്പ മാത്യു, ആനിക്കാട്ട് താന്നിക്കുന്നിൽ **4.** വർഗീസ് ഏബ്രഹാം, വള്ളിയുഴത്തിൽ **5.** വൽസമ്മ മാത്യു, ചക്കിട്ടവടക്കേൽ ജെനി വില്ല. **6.** ഡാലി അന്ന ദാനിയേൽ, മേക്കോൺ ഡാലി ഭവൻ **7.** സാറാമ്മ മത്തായി, പുതിയമഠത്തിൽ **8.** അന്നമ്മ തോമസ്, ഇടത്തിമലയിൽ **9.** വിൻസി തോമസ്, ആനിക്കാട്ട് സ്മിതാ ഭവൻ

## ഇടവകമിഷൻ

- എല്ലാ ചൊവ്വാഴ്ചയും ഇടവകമിഷൻ - സേവികാസംഘം സംയുക്ത മദ്ധ്യസ്ഥപ്രാർത്ഥന പള്ളിയിൽ രാവിലെ 10.30 - ന്

സന്നദ്ധസുവിശേഷകസംഘം വാർഷികം - കിടങ്ങന്നൂർ സെന്റ് തോം പള്ളി ഏപ്രിൽ 20 വെള്ളിയാഴ്ച

## സേവികാസംഘം

- എല്ലാ ചൊവ്വാഴ്ചയും മദ്ധ്യസ്ഥപ്രാർത്ഥന രാവിലെ 10.30 - ന് പള്ളിയിൽ
- എല്ലാ നാലാം വെള്ളിയാഴ്ചയും രാവിലെ 10.30 ന് പൊതുയോഗം പള്ളിയിൽ, മറ്റു വെള്ളിയാഴ്ചകളിൽ 10 ഏരിയയിലെയും ഭവനങ്ങളിൽ





കൂട്ടായ്മ രാവിലെ 10.30 - ന്

- സെന്റർ വാർഷിക മീറ്റിംഗ് - ഏപ്രിൽ 13 വെള്ളിയാഴ്ച രാവിലെ 10 മണിയ്ക്ക് ഊക സെന്തോം പള്ളിയിൽ

## വി.ബി.എസ് - 2018

**ഏപ്രിൽ 02 മുതൽ 12 വരെ**

തീം : **"രൂപാന്തരപ്പെടുത്തുന്നവർ"** (റോമ. 12:2)

**"Transformers"**

## മാമോദീസാ സ്വീകരിച്ചവർ

| | | |
|---|---|---|
| 1. അമേയാ എൽസാ ഏബ്രഹാം | D/o | ഏബ്രഹാം തോമസ്, മാലേത്തുകാലായിൽ |
| 2. ജേഡൻ സാം മാത്യു | S/o | പ്രവീൺ സാം മാത്യു, പനവേലിൽ |
| 3. ക്രിസ്റ്റോ റോജി വർഗീസ് | S/o | റോജി പി.വർഗീസ്, പറയന്ത്ര മലയിൽ |

## വിവാഹിതരായവർ

| | | |
|---|---|---|
| 1. രൂബൻ ജോർജ് സ്റ്റീഫൻ<br>കുരങ്ങാട്ട് എബനേസർ | അഞ്ജു സൂസൻ ബിജു<br>മാടപ്പറമ്പിൽ, മൂവാറ്റുപുഴ | 15 - 01 - 2018 |
| 2. ഷിനു റ്റി. ഏബ്രഹാം<br>കുഞ്ഞിന്റയ്യത്ത് | ബിബിൻ വർഗീസ്<br>തട്ടുപുരയ്ക്കൽ, മുട്ടം | 29 - 01 - 018 |
| 3. ജോബിൻ ജേക്കബ് സഖറിയാ<br>കണിയാംകണ്ടത്തിൽ | സൂസൻ പി.ജേക്കബ്<br>പെരുമ്പാലത്ത്, കോട്ടയം | 29 - 01 - 2018 |
| 4. ജോജു ജോൺ<br>വളഞ്ഞിലിൽ | നിനിതാ റൂസൺ<br>പുതുപ്പറമ്പിൽ, തിരുവല്ല | 05 - 02 - 2018 |
| 5. ഏബ്രഹാം മാത്യു<br>ശാന്തിയിൽ പുത്തൻവീട് | തങ്കമ്മ ഏബ്രഹാം<br>തടത്തിൽ, ചെന്നീർക്കര | 12 - 02 - 2018 |
| 6. ജിൻസി കെ. ജോയി<br>കോട്ടയ്ക്കകത്തുമലയിൽ | ലിബു വർഗീസ്<br>വിളയിൽ, ഇലന്തൂർ | 03 - 03 - 2018 |

ഇടവകയുടെ അനുമോദനം അറിയിക്കുന്നു

## നിത്യതയിൽ പ്രവേശിച്ചവർ

| | | | |
|---|---|---|---|
| 1. മറിയാമ്മ തോമസ് | 90 | പറയന്ത്ര | 31-12-2017 |
| 2.ജേക്കബ് ഉമ്മൻ | 83 | ആലക്കോട്ട് | 05-01-2018 |
| 3.മറിയാമ്മ തോമസ് | 97 | കുന്നുംപുറത്തുമലയിൽ | 08-02-2018 |
| 4. ഏലിയാമ്മ മാത്യു | 69 | കോട്ടയ്ക്കകത്തുമലയിൽ | 17-02-2018 |
| 5. എം.എസ്. ജോർജ് | 77 | മുണ്ടുമാവുനിൽക്കുന്നതിൽ | 26-02-2018 |
| 6. കെ.പി. മാമ്മൻ | 78 | കടവിൽ | 11-03-2018 |

ഇടവകയുടെ അനുശോചനം രേഖപ്പെടുത്തുന്നു.

**ക്രിസ്തീയ സ്നേഹമേ! സ്നേഹങ്ങൾക്കു മാതാവേ!**
**നിന്നേപ്പോലൊരിൻപമായി പ്പാരിലെന്തുള്ളൂ**
**സാധുക്കൾക്കു തള്ള നീ, ലോകത്തിനു രാജ്ഞി നീ**
**കവിഞ്ഞൊഴുകുന്നാറു നീ ജ്വാലയേറുമഗ്നി നീ...**
**ക്രിസ്തീയ സ്നേഹമേ! ആർദ്രമേറും ശക്തിയെ**
**നിന്നെപ്പോലെ സ്വഛമാം സമുദ്രമിങ്ങേതുള്ളു;**
**വിശ്വാസക്കപ്പലിൽ ഭക്തരായവരോടുന്നു**
**ആനന്ദ സമുദ്രമേ! മറുകര നിനക്കില്ല...**

**– സാധു കൊച്ചുകുഞ്ഞ് ഉപദേശി**





## സഭാ പഞ്ചാംഗം

| തീയതി | സമയം | ചിന്താവിഷയം | ക്രമീകരണത്തിൽ സഹായിക്കുന്നവർ | പാഠങ്ങൾ | ലേഖനം/ഏവൻ ഗേലിയോൻ |
|---|---|---|---|---|---|
| ഏപ്രിൽ 01 | 5.00 എ.എം | രക്ഷയുടെ സന്തോഷവും ആഘോഷവും **(ഉയിർപ്പ്)** | | പുറ.14:5-31 കൊലൊ.3:1-11 | 1 തെസ്സ.4:13-18 മത്താ.28:1-10 |
| ഏപ്രിൽ 08 | 9.00 എ.എം | ഉത്ഥിതനായ കർത്താവുമായുള്ള അഭിമുഖീകരണം | വി.ബി.എസ് സണ്ടേ | ഉല്പ.32:22-32 അ.പ്ര.9:1-18 | 1 തെസ്സ.1:3-12 യോഹ.20:24-29 |
| ഏപ്രിൽ 15 | 9.30 എ.എം | പ്രവൃത്തിമേഖലയിൽ കർതൃ സാന്നിദ്ധ്യം തിരിച്ചറിയുക | യുവജനസഖ്യം | രൂത്ത്.2:1-18 അ.പ്ര.9:36-43 | അ.പ്ര.16:6-15 യോഹ.21:1-14 |
| ഏപ്രിൽ 22 | 9.30 എ.എം | സാക്ഷ്യത്തിലേക്കു നയിക്കുന്ന ഉത്ഥാനാനുഭവം | എരുമക്കാട് ശാലേം | യെശ.25:1-9 അ.പ്ര.4:32-37 | അ.പ്ര.2:43-47 ലൂക്കൊ.24:13-25 |
| ഏപ്രിൽ 29 | 9.30 എ.എം | ഉയിർത്തെഴുന്നേറ്റ കർത്താവിലുള്ള വിശ്വാസജീവിതം | എരുമക്കാട് ബഥേൽ | 2 രാജാ.4:27-37 അ.പ്ര.26:12-23 | 1 പത്രൊ.1:3-12 മർക്കൊ.16:14-18 |
| മെയ് 06 | 9.30 എ.എം | കരുതലിൽ പങ്കാളികളാകുവാനുള്ള ക്രിസ്തുക്ഷണം | എരുമക്കാട് ഇമ്മാനുവേൽ | യെഹ.34:15-24 2 കൊരി.8:1-9 | അ.പ്ര.4:32-37 ലൂക്കൊ.19:1-10 |
| മെയ് 13 | 9.30 എ.എം | പരിശുദ്ധാത്മാവിനായുള്ള ജാഗരണം | മാലക്കര സണ്ടേസ്കൂൾ | യെശ.40:25-31 അ.പ്ര.1:1-11 | അ.പ്ര.1:12-14 യോഹ.14:25-31 |
| മെയ് 20 | 9.30 എ.എം | പരിശുദ്ധാത്മാവേ വരിക ഞങ്ങളെ പുതുക്കുക. | യുവജനസഖ്യം | യെഹ.37:1-14 അ.പ്ര.2:1-13 | തീത്തോ.3:5-8 യോഹ.16:5-15 |

| തീയതി | സമയം | ചിന്താവിഷയം | ക്രമീകരണത്തിൽ സഹായിക്കുന്നവർ | പാഠങ്ങൾ | ലേഖനം/ഏവൻ ഗേലിയോൻ |
|---|---|---|---|---|---|
| മെയ് 27 | 8.00 എ.എം ഇടവകദിനം | ത്രിയേകദൈവത്തെ ഞങ്ങൾ ആരാധിക്കുന്നു | | ഉല്പ.1:1-28<br>1 യോഹ.1:1-10 | 2 കൊരി.13:11-14<br>യോഹ.1:1-18 |
| ജൂൺ 03 | 9.30 എ.എം | ദൈവികദാനമായ ജ്ഞാനം വിദ്യാർത്ഥി ഞായർ | ഊക കിഴക്ക് വടക്ക് | 1 രാജാ.3:16-28<br>യാക്കോ.1:1-8 | ഫിലി.4:4-9<br>മത്താ.11:25-30 |
| ജൂൺ 10 | 9.30 എ.എം | സൃഷ്ടി ദൈവത്തിന്റെ മഹത്വം വർണ്ണിക്കുന്നു | ഊക സണ്ടേസ്കൂൾ | സദൃ.8:22-31<br>വെളി.21:1-8 | കൊലൊ.1:9-20<br>ലൂക്കൊ.8:22-25 |
| ജൂൺ 17 | 9.30 എ.എം | ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുക | യുവജനസഖ്യം | യെശ.6:1-8<br>1 യോഹ.5:1-12 | 2 തെസ്സ.2:13-17<br>യോഹ.4:13-26 |
| ജൂൺ 24 | 9.30 എ.എം | ശിഷ്യത്വത്തിന്റെ വില | ഊക പള്ളിഭാഗം | യിരെ.16:16-21<br>ഗലാ.2:1-20 | 2 പത്രൊ.3:14-18<br>മത്താ.16:13-20 |
| | | | | | |





# ഇടവകമിഷൻ പ്രാർത്ഥനകൾ

| തീയതി | | സ്ഥലം |
|---|---|---|
| **എരുമക്കാട് ഭാഗം ( ചൊവ്വ ) വി.എ. ജോൺ – 9747607720** | | **സമയം 6.30 പി.എം** |
| ഏപ്രിൽ | 03 | ഇ.എ.എൽ.പി.സ്കൂൾ, എരുമക്കാട് |
| | 10 | പാറിടയിൽ തേജസ്സ്, പ്രിൻസ് പി. ജോർജ്ജ് |
| | 17 | പാറിടയിൽ ബെന്നി ഭവൻ, ബെന്നി ഫിലിപ്പ് |
| | 24 | പാറിടയിൽ മഹാവീരചക്രഭവൻ, തോമസ് ഫിലിപ്പോസ് |
| മെയ് | 01 | ഇ.എ.എൽ.പി.സ്കൂൾ, എരുമക്കാട് |
| | 08 | ചെമ്മങ്ങാട്ടിൽ, സി.എം. മത്തായി |
| | 15 | വല്യകാലായിൽ, വി.എ. ജോൺ |
| | 22 | ചക്കാലയിൽ പുത്തൻവീട്, സി.കെ.തോമസ് |
| | 29 | ചെമ്മങ്ങാട്ടിൽ, സി.വി. ശമുവേൽ |
| ജൂൺ | 05 | ഇ.എ.എൽ.പി.സ്കൂൾ, എറുമക്കാട് |
| | 12 | പാറിടയിൽ, അന്നാമ്മ തോമസ് |
| | 19 | ചിറവാക്കുളത്തിൽ, മാത്യു ശമുവേൽ |
| | 26 | പാറിടയിൽ ബാബു ഭവൻ, മറിയാമ്മ ഏബ്രഹാം |
| **മാലക്കര ഭാഗം ( ചൊവ്വ ) വർഗീസ് ഏബ്രഹാം – 9846398459** | | **7.00 പി.എം** |
| ഏപ്രിൽ | 03 | പ്ലാമ്മൂട്ടിൽ, പി.ജെ. ജോൺ |
| | 10 | കുന്നിൽ തെക്കേൽ സിജു ഭവൻ, റ്റി.പി. ചാക്കോ |
| | 17 | കുഞ്ഞിന്റയ്യത്ത് ജെ.ജെ. കോട്ടേജ്, വി.റ്റി. വർഗീസ് |
| | 24 | ചെറുവേലിൽ, സി.എം. തങ്കച്ചൻ |
| മെയ് | 01 | നെടിയകാലായിൽ, ജോസ് തോമസ് |
| | 08 | കന്നിൽ തെക്കേൽ, പോൾ കെ. തോമസ് |
| | 15 | പുറ്റുംപുറത്ത്, പി.ജി. വർഗീസ് |
| | 22 | ചിറ്റേറ്റുതുണ്ടിയിൽ, സി.എം. മത്തായി |
| | 29 | പ്ലാമ്മൂട്ടിൽ ബെൻസി വില്ല, തോമസ് മാത്യു |
| ജൂൺ | 05 | കെച്ചുപ്ലാമ്മൂട്ടിൽ ജിൻസി ഭവൻ, വർഗീസ് ചാക്കോ |
| | 12 | കണ്ണംപ്ലക്കുഴിയിൽ, കെ.സി. ഏബ്രഹാം |
| | 19 | തെക്കേതിൽ, സൂസമ്മ ദാനിയേൽ |
| | 26 | പനച്ചമൂട്ടിൽ ജാക്സൺവില്ല, ജോർജ്ജ് വർഗീസ് |

| ഓാക ഭാഗം ( ചൊവ്വ ) | | റ്റി.സി. തോമസ് – 8547447209 | 7.00 പി.എം |
|---|---|---|---|
| ഏപ്രിൽ | 03 | മുളനിൽക്കുംകാലായിൽ, തോമസ് തോമസ് | |
| | 10 | തലക്കോട്ട് മലയിൽ, മേരി തോമസ് | |
| | 17 | ഇടിച്ചാണ്ടിപ്പറമ്പിൽ, പി.എസ്. സൈമൺ | |
| | 24 | മലയിൽ കുറ്റിയിൽ, റവ. കെ.എ. തോമസ് | |
| മെയ് | 01 | അണ്ടത്തേത്ത്, തോമസ് ജോൺ | |
| | 08 | അണ്ടത്തേത്ത്, എ.ചെറിയാൻ | |
| | 15 | തടത്തിൽ, കുര്യൻ റ്റി. ജോസഫ് | |
| | 22 | കോട്ടയ്ക്കകത്തുമലയിൽ, കെ.എം. തോമസ് | |
| | 29 | വടക്കേപ്പറമ്പിൽ, വി.ജെ. ശമുവേൽ | |
| ജൂൺ | 05 | കോട്ടയ്ക്കകത്തുമലയിൽ, മറിയാമ്മ ചാക്കോ | |
| | 12 | മൂത്താമ്പാക്കൽ റോസ് ലാൻഡ്, എം.എം.വർഗീസ് | |
| | 19 | മൊട്ടയ്ക്കൽ, സാം വർഗീസ് | |
| | 26 | പാറിടയിൽ ജി.എസ്. ഭവൻ, ജോർജ് പി. തോമസ് | |

| കളരിക്കോട് ഭാഗം ( ബുധൻ ) | | വർഗീസ് ചെറിയാൻ – 9447304446 | 7.00 പി.എം |
|---|---|---|---|
| ഏപ്രിൽ | 04 | ഒറ്റപ്ലാവുനിൽക്കുന്നതിൽ, റേച്ചൽ ജോസഫ് | |
| | 11 | കൈത്തോട്ടാ കിഴക്കേൽ, കെ.എം. ഏബ്രഹാം | |
| | 25 | അയിരൂക്കുഴിയിൽ, കുര്യൻ ജോസഫ് | |
| മെയ് | 02 | ആനിക്കാട്ട് ശാന്തി ഭവൻ, ജേക്കബ് മാത്യു | |
| | 09 | പറയന്ത്ര പാങ്ങാട്ടേത്ത്, മാത്യു പി. മാത്യു | |
| | 16 | കളരിക്കോട്ട് വടക്കേൽ, മറിയാമ്മ വർഗീസ് | |
| | 23 | അയിരൂക്കുഴിയിൽ, ഏലിയാമ്മ ജോസഫ് | |
| | 30 | കവലപ്പാക്കൽ പടിഞ്ഞാറേൽ, അച്ചാമ്മ വർഗീസ് | |
| ജൂൺ | 06 | മാണാമ്പ്ര ജിയോ ഭവൻ, തോമസ് ജോർജ് | |
| | 13 | ആനിക്കാട്ട് താന്നിക്കുന്നിൽ, മാത്യു ഏബ്രഹാം | |
| | 20 | പാങ്ങാട്ടേത്ത്, വർഗീസ് മാത്യു | |
| | 27 | ഏലിയാപ്പറമ്പിൽ, സാറാമ്മ വർഗീസ് | |

| ഇടയാറന്മുള ഭാഗം (ബുധൻ) | | ജോർജ് വർഗീസ്– 8157082677 | 6.30 പി.എം |
|---|---|---|---|
| ഏപ്രിൽ | 04 | കുമ്പളപ്പള്ളിൽ, കെ.കെ. വർഗീസ് | |
| | 11 | മുറിപ്പുരയ്ക്കൽ ജിബിൻ വില്ല, ജോർജ് വർഗീസ് | |





| | | | |
|---|---|---|---|
| | 25 | സംയുക്ത മീറ്റിംഗ്, എം.റ്റി.എൽ.പി.സ്കൂൾ – ഇടയാറന്മുള (തുരുത്തിമല, ഓാക, ഇടയാറന്മുള ഭാഗങ്ങൾ) | |
| മെയ് | 02 | മൂത്താമ്പാക്കൽ, മേഴ്സി ബെഞ്ചമിൻ | |
| | 09 | കൊച്ചുമണ്ണിൽ, ഫിലിപ്പ് ദാനിയേൽ | |
| | 16 | കിഴക്കേടത്ത്, കെ.ജി.സഖറിയാ | |
| | 23 | മൂത്താമ്പാക്കൽ, ജിജി എം.വർഗീസ് | |
| | 30 | സംയുക്ത മീറ്റിംഗ്, എം.റ്റി.എൽ.പി.സ്കൂൾ – ഇടയാറന്മുള | |
| ജൂൺ | 06 | പടിയ്ക്കൽ, പി.ജി. ജോർജ് | |
| | 13 | കൊച്ചുമണ്ണിൽ, ദാനിയേൽ മാത്യു | |
| | 20 | മുളയ്ക്കൽ പാറിടയിൽ, ജോർജ് ജോസഫ് | |
| | 27 | സംയുക്ത മീറ്റിംഗ്, എം.റ്റി.എൽ.പി.സ്കൂൾ – ഇടയാറന്മുള | |

| തുരുത്തിമല ഭാഗം ( ബുധൻ ) | | എം.എ. മത്തായി – 9061106130 | 6.30 പി.എം |
|---|---|---|---|
| ഏപ്രിൽ | 04 | പൂവൻകണ്ടത്തിൽ, പി.പി. മോഹൻ | |
| | 11 | തയ്യിൽ, സാറാമ്മ വർഗീസ് | |
| | 18 | ചെല്ലിമലയിൽ, കുഞ്ഞമ്മ തോമസ് | |
| | 25 | കരിമ്പന്നൂർ പുത്തൻവീട്, തോമസ് വർഗീസ് | |
| മെയ് | 02 | തുരുത്തിയിൽ, തോമസ് ഫിലിപ്പ് | |
| | 09 | തടത്തിൽ, ജോർജ് വർഗീസ് | |
| | 16 | ശങ്കരമംഗലത്ത്, മാത്യു ജോർജ് | |
| | 23 | ശങ്കരമംഗലത്ത്, പ്രകാശ് തോമസ് | |
| | 30 | മാലേത്തുകാലായിൽ, എം.റ്റി. മത്തായി | |
| ജൂൺ | 06 | തുരുത്തിയിൽ ഗ്രേസ് വില്ല, സഖറിയാ ഫിലിപ്പ് | |
| | 13 | മങ്ങാട്ട്, എം.എ. മത്തായി | |
| | 20 | മാലേത്തുകാലായിൽ, മറിയാമ്മ ഏബ്രഹാം | |
| | 27 | കളീയ്ക്കൽ റോസ് വില്ല, തോമസ് കോശി | |

| എരുമക്കാട് മല ഭാഗം (2–ാം വ്യാഴം) | | സിസിലി റോയി – 8606154616 | 7.00 പി.എം |
|---|---|---|---|
| ഏപ്രിൽ | 12 | കാവുങ്കൽ, തോമസ് ദാനിയേൽ | |
| മെയ് | 10 | വാക്യപ്പടിയ്ക്കൽ, സാറാമ്മ ഏബ്രഹാം | |
| ജൂൺ | 14 | കുരങ്ങാട്ട് മലയിൽ, രാജൻ മാത്യു | |

## സേവികാസംഘം പ്രാർത്ഥനകൾ

### എല്ലാ വെള്ളിയാഴ്ചയും രാവിലെ 10.30 ന്

| ഇടയാറന്മുള ഭാഗം | | സാറാമ്മ സഖറിയാ – 9544008229 (ഏരിയാ സെക്രട്ടറി) |
|---|---|---|
| ഏപ്രിൽ | 06 | കുമ്പളപ്പള്ളിൽ, ലിസി കെ. വറുഗീസ് |
| | 13 | കൊച്ചുവടക്കേടത്ത് ഷെറിൻ വില്ല, ഏലിയാമ്മ മാത്യു |
| | 20 | മൂത്താമ്പാക്കൽ, മറിയാമ്മ വറുഗീസ് |
| മെയ് | 04 | മേക്കോൺ പുത്തൻവീട്, റ്റീനാ പ്രകാശ് |
| | 11 | വടക്കേടത്ത്, സാറാമ്മ തോമസ് |
| | 18 | മൂത്താമ്പാക്കൽ, മേഴ്സി ബെഞ്ചമിൻ |
| ജൂൺ | 01 | കൊച്ചുപുരയ്ക്കൽ, ജോളി ജോൺ |
| | 08 | പടിയ്ക്കൽ, സാറാമ്മ മാത്യു |
| | 29 | കുമ്പളപ്പള്ളിൽ, ഷൈനി കെ. മാത്യു |

| കളരിക്കോട് വടക്ക് ഭാഗം | | റേച്ചൽ ജോസഫ് – 9961320686 (ഏരിയാ സെക്രട്ടറി) |
|---|---|---|
| ഏപ്രിൽ | 06 | കിഴക്കേടത്ത് കാർണാമല, ചിന്നമ്മ മത്തായി |
| | 13 | പനച്ചമൂട്ടിൽ മോടിയിൽ, ഏലിയാമ്മ വർഗീസ് |
| മെയ് | 04 | ആനിക്കാട്ട് ജോയ്സ് ഭവൻ, ആലീസ് തോമസ് |
| | 11 | വെമ്മേലിൽ തടത്തിൽ, ലിജി ഷാജി |
| | 18 | പറയന്ത്ര ഇടപ്പുരയിൽ, അന്നമ്മ ജോൺ |
| ജൂൺ | 01 | മാണാമ്പ്ര ബിജിനാ ഭവൻ, ശോശാമ്മ മാത്യു |
| | 08 | പറയന്ത്ര പാങ്ങാട്ടേത്ത്, അന്നമ്മ മാത്യു |
| | 15 | പാങ്ങാട്ടേത്ത്, ഏലിയാമ്മ മാത്യു |
| | 29 | കവലപ്ലാക്കൽ കിഴക്കേൽ, അന്നമ്മ ഉമ്മൻ |

| കളരിക്കോട് തെക്ക് ഭാഗം | | അന്നമ്മ ദാനിയേൽ – 9567369165 (ഏരിയാ സെക്രട്ടറി) |
|---|---|---|
| ഏപ്രിൽ | 06 | പറയന്ത്ര, ശോശാമ്മ വർഗീസ് |
| മെയ് | 04 | പറയന്ത്ര, ജോളി ജേക്കബ് |
| | 11 | കോട്ടയ്ക്കകത്തുമലയിൽ, റാഹേൽ വർഗീസ് |
| | 18 | കൈത്തോട്ടാ മലയിൽ, ത്രേസ്യാമ്മ ഏബ്രഹാം |
| ജൂൺ | 01 | അയിരൂക്കുഴിയിൽ, ലില്ലി കുര്യൻ |
| | 08 | അയിരൂക്കുഴിയിൽ, ഏലിയാമ്മ ജോസഫ് |





| | 29 | ഏലിയാപ്പറമ്പിൽ, സാറാമ്മ വർഗീസ് |
|---|---|---|

| എരുമക്കാട് മല ഭാഗം | | സിസിലി റോയി – 9446113779 (ഏരിയാ സെക്രട്ടറി) |
|---|---|---|
| ഏപ്രിൽ | 06 | ആക്കനാട്ട് മലയിൽ, സിസിലി റോയി |
| | 13 | കുരങ്ങാട്ട് പനവേലിൽ, മോളിക്കുട്ടി ശമുവേൽ |
| | 20 | വാക്യപ്പടിയ്ക്കൽ, സാറാമ്മ ഏബ്രഹാം |
| മെയ് | 04 | കുരങ്ങാട്ട് മലയിൽ, വൽസമ്മ രാജൻ |
| | 11 | തടത്തിൽ, സുജാ റെജി |
| | 18 | അണ്ടത്തേത്ത് മലയിൽ, ചിന്നമ്മ ശമുവേൽ |
| ജൂൺ | 01 | പരുത്തുപാറ പുത്തൻവീട്, മേരി ചെറിയാൻ |
| | 08 | പരുത്തുപാറ കെസിയാ കോട്ടേജ്, സുമാ റോയി |
| | 15 | കാവുങ്കൽ, ജോളി തോമസ് |
| | 29 | ശാന്തിയിൽ ചരിവുകാലാ, സിജി റെജി |

| തുരുത്തിമല ഭാഗം | | ആലീസ് തോമസ് – 9562451074 (ഏരിയാ സെക്രട്ടറി) |
|---|---|---|
| ഏപ്രിൽ | 06 | ചെല്ലിമലയിൽ, കുഞ്ഞമ്മ തോമസ് |
| | 13 | ശങ്കരമംഗലത്ത്, റോസമ്മ മാത്യു |
| | 20 | തുരുത്തിയിൽ, പൊന്നമ്മ തോമസ് |
| മെയ് | 04 | ശങ്കരമംഗലത്ത്, അച്ചാമ്മ തോമസ് |
| | 11 | മാലേത്തുകാലായിൽ, പൊന്നമ്മ മത്തായി |
| | 18 | തുരുത്തിയിൽ ഗ്രേസ് വില്ല, അമ്മിണി സഖറിയാ |
| ജൂൺ | 01 | മാലേത്തുകാലായിൽ, മറിയാമ്മ ഏബ്രഹാം |
| | 08 | മങ്ങാട്ട്, മേരിക്കുട്ടി മത്തായി |
| | 15 | കളീയ്ക്കൽ റോസ് വില്ല, ഏലിയാമ്മ കോശി |
| | 29 | കാവടപ്പുതുപ്പറമ്പിൽ, മറിയാമ്മ വർഗീസ് |

| എരുമക്കാട് ഭാഗം | | മറിയാമ്മ ഏബ്രഹാം – 8281423893 (ഏരിയാ സെക്രട്ടറി) |
|---|---|---|
| ഏപ്രിൽ | 06 | പുത്തൻപറമ്പിൽ, ശോശാമ്മ തോമസ് |
| മെയ് | 04 | പാറിടയിൽ ബെന്നി ഭവൻ, ഷിബി ബെന്നി |
| | 11 | പാറിടയിൽ മഹാവീരചക്രഭവൻ, ചിന്നമ്മ ഫിലിപ്പോസ് |
| | 18 | ചിറവക്കുളത്തിൽ, ജിജി ജോർജ് |
| | 30 | പാറിടയിൽ തേജസ്, ആലീസ് പി. മാത്യു |
| ജൂൺ | 01 | പാറിടയിൽ, ഏലിയാമ്മ രാജൻ |

| | | |
|---|---|---|
| | 08 | പാറിടയിൽ, സൂസൻ സദീഷ് |
| | 15 | പാറിടയിൽ, സൂസമ്മ ശമുവേൽ |
| | 29 | പാറിടയിൽ, ഏലിയാമ്മ ജോർജ് |
| **മാലക്കര കെയ്യത്ത് ഭാഗം** | | ജെസി ചാക്കോ – 8547457116 (ഏരിയാ സെക്രട്ടറി) |
| ഏപ്രിൽ | 06 | ചക്കനാട്ട് വെട്ടിരേത്ത്, അന്നമ്മ മാത്യു |
| | 13 | പാണ്ടിയേത്ത്, ലിനി ജോജി |
| | 20 | വടക്കേത്ത് പുത്തൻകുന്നിൽ, ശോശാമ്മ മാത്യു |
| മെയ് | 04 | കുന്നിൽ തെക്കേൽ, മോളി പോൾ |
| | 11 | കുന്നിൽ തെക്കേൽ സിജു ഭവൻ, ജെസി ചാക്കോ |
| | 18 | ഷൈലാ ഭവൻ, കുഞ്ഞമ്മ ശമുവേൽ |
| ജൂൺ | 01 | കുന്നിൽ, ലീലാമ്മ മത്തായി |
| | 08 | കുന്നിൽ, റേച്ചൽ ചാക്കോ |
| | 15 | ചെറുവേലിൽ, കുഞ്ഞുമോൾ തോമസ് |
| | 29 | ബേബീസ് കോട്ടേജ്, ലില്ലി മാത്യു |
| **ഓക ഭാഗം** | | അനിതാ തോമസ് – 9847226677 (ഏരിയാ സെക്രട്ടറി) |
| ഏപ്രിൽ | 06 | കൊങ്ങളത്തുമലയിൽ, ശോശാമ്മ തോമസ് |
| | 13 | കോട്ടയ്ക്കകത്തുമലയിൽ, കുഞ്ഞമ്മ ജോൺ |
| | 20 | മൗണ്ട് പാരഡൈസ്, മറിയാമ്മ തോമസ് |
| മെയ് | 04 | കുന്നത്തുപറമ്പിൽ, സൂസമ്മ ജോസഫ് |
| | 11 | കുന്നത്തുപറമ്പിൽ, ലീലാമ്മ വർഗീസ് |
| | 18 | ഇടത്തിമലയിൽ, അന്നമ്മ മാത്യു |
| ജൂൺ | 01 | കോട്ടയ്ക്കകത്തുമലയിൽ, പെണ്ണമ്മ രാജു |
| | 08 | എൻ.എൻ.വില്ല, സൂസൻ ജോർജ് |
| | 15 | കണിയാംപറമ്പിൽ, ലീലാമ്മ ജോർജ് |
| | 29 | വെമ്മേലിൽ തടത്തിൽ, വൽസമ്മ ശമുവേൽ |
| **മാലക്കര ഭാഗം** | | പൊന്നമ്മ വർഗീസ് – 9495238165 (ഏരിയാ സെക്രട്ടറി) |
| ഏപ്രിൽ | 06 | വടക്കേൽ, എൽസി രവി ജോൺ |
| | 13 | പ്ലാമ്മൂട്ടിൽ, സുമാ പ്രസാദ് |
| | 20 | ഗ്രേസ് സന്തോഷ് വില്ല, ജിൻസി സാജു |
| മെയ് | 04 | ആശാ വില്ല, മറിയാമ്മ മത്തായി |





| | | |
|---|---|---|
| | 11 | കുന്നത്ത്, ബിജി തോമസ് |
| | 18 | പുല്ലേലിൽ, പി.ജെ. അന്നമ്മ |
| ജൂൺ | 01 | കരിമ്പുമണ്ണിൽ, മോളി ജോർജ് |
| | 08 | ചിറ്റേറ്റുതുണ്ടിയിൽ, സൂസി മാമ്മൻ |
| | 15 | മാപ്പ്ലശേരിൽ, റമീലാ തോമസ് |
| | 29 | മൂലയിൽ, ഏലിയാമ്മ ഏബ്രഹാം |
| **ഇടയാറന്മുള പടിഞ്ഞാറ് നടു ഭാഗം** | | മറിയാമ്മ ജോർജ് – 9447569160(ഏരിയാ സെക്രട്ടറി) |
| ഏപ്രിൽ | 06 | അഞ്ചേരിൽ, സിനി വർഗീസ് |
| മെയ് | 04 | ആനിക്കാട്ട്, പ്രെയ്സി ചെറിയാൻ |
| | 11 | ആനിക്കാട്ട്, ലീനാ റോണി |
| | 18 | ആനിക്കാട്ട്, റേച്ചൽ തോമസ് |
| ജൂൺ | 01 | ജാക്സൺ വില്ല, മേരിക്കുട്ടി ജോർജ് |
| | 08 | കൊച്ചുപ്ലാമ്മൂട്ടിൽ, ഏലിക്കുട്ടി വർഗീസ് |
| | 15 | കൊച്ചുപ്ലാമ്മൂട്ടിൽ റ്റോം വില്ല, പൊന്നമ്മ തോമസ് |
| | 29 | ആഞ്ഞിലിമൂട്ടിൽ, മേരി വർഗീസ് |

## പ്രാർത്ഥനായോഗങ്ങൾ

| | | |
|---|---|---|
| **മാലക്കര കെയ്യത്ത് ഭാഗം** | | **3.00 പി.എം** |
| മെയ് | 06 | കണ്ണംപ്ലാക്കുഴിയിൽ, കെ.സി. ഏബ്രഹാം |
| ജൂൺ | 03 | ചക്കനാട്ട് വെട്ടിരേത്ത്, സി.എ. മാത്യു |
| **മാലക്കര ചുങ്കത്തിൽ ഭാഗം** | | **4.00 പി.എം** |
| ഏപ്രിൽ | 08 | മൂലയിൽ, ഫിലിപ്പ് ഏബ്രഹാം |
| | 22 | മൂലയിൽ വിജി വില്ല, എം.എ. ഏബ്രഹാം |
| മെയ് | 06 | മൂലയിൽ, പി.പി. ചാക്കോ |
| | 20 | മൂലയിൽ, സന്തോഷ് ജോൺ |
| ജൂൺ | 03 | മൂലയിൽ, റെജി ഫിലിപ്പ് |
| | 17 | അയിരൂക്കുഴിയിൽ, അന്നമ്മ മത്തായി |
| **മാലക്കര ചക്കിട്ടയിൽ ഭാഗം** | | **3.30 പി.എം** |
| ഏപ്രിൽ | 08 | ചക്കിട്ടയിൽ മാത്യൂസ് കോട്ടേജ്, മാത്യു ചെറിയാൻ |
| | 15 | കുന്നുംപുറത്ത്, വർക്കി ജേക്കബ് |

| | | |
|---|---|---|
| | 29 | ചക്കിട്ടവടക്കേൽ അനു വില്ല, വർഗീസ് മാത്യു |
| മെയ് | 06 | തലക്കോട്ട്, ജോൺസ് റ്റി.ജോർജ് |
| | 20 | കുന്നുംപുറത്ത്, ശമുവേൽ തോമസ് |
| ജൂൺ | 03 | തലക്കോട്ട്, ജെയിംസ് റ്റി.ജോർജ് |
| | 17 | മണ്ണാരേത്ത്, ജോർജ് വർഗീസ് |
| **മാലക്കര തെക്കേതിൽ ഭാഗം** | | **4.00 പി.എം** |
| ഏപ്രിൽ | 08 | മാപ്പശേരിൽ, റമീലാ തോമസ് |
| | 22 | പറയന്ത്ര, വർഗീസ് പി. ദാനിയേൽ |
| മെയ് | 13 | വടക്കേൽ, രവി ജോൺ |
| | 27 | പറയന്ത്ര ജെറിൻ കോട്ടേജ്, ലിസി കോശി |
| ജൂൺ | 10 | വടക്കേൽ, സൂസമ്മ ജോർജ് |
| | 24 | പറയന്ത്ര മാപ്പശേരിൽ, ജേക്കബ് ദാനിയേൽ |
| **മാലക്കര പ്ലാമ്മൂട്ടിൽ ഭാഗം** | | **3.30 പി.എം** |
| മെയ് | 06 | പ്ലാമ്മൂട്ടിൽ ബെൻസി വില്ല, തോമസ് മാത്യു |
| ജൂൺ | 03 | പ്ലാമ്മൂട്ടിൽ, പി.ജെ. ജോൺ |
| **മാലക്കര മല വടക്ക്** | | **3.30 പി.എം** |
| ഏപ്രിൽ | 08 | കൈത്തോട്ടാ അശോക് ഭവൻ, വർഗീസ് ഉമ്മൻ |
| | 22 | മുതുവാംകോട്ട്, മത്തായി കുര്യൻ |
| മെയ് | 13 | കുമ്പളപ്പള്ളിൽ, കെ.റ്റി. വർഗീസ് |
| | 27 | കുമ്പളപ്പള്ളിൽ, കെ.റ്റി. ജോർജ് |
| ജൂൺ | 10 | ഏലിയാപ്പറമ്പിൽ, സാറാമ്മ വർഗീസ് |
| | 24 | കൈത്തോട്ടാ മലയിൽ, ഏബ്രഹാം തോമസ് |
| **മാലക്കര മല തെക്ക്** | | **3.30 പി.എം** |
| ഏപ്രിൽ | 08 | കടവിൽ, ഷിബു മാമ്മൻ |
| | 15 | തുണ്ടിയംകുളത്ത്, റ്റി.സി. ചാക്കോ |
| | 22 | കൈത്തോട്ടാ പുത്തൻവീട്, ഏലിയാമ്മ തോമസ് |
| | 29 | മുതുവാംകോട്ട്, ജോർജ് വർഗീസ് |
| മെയ് | 06 | തേവിരേത്ത് സങ്കീർത്തന, അനിൽ വി.തോമസ് |
| | 13 | തേവിരേത്ത് പുത്തൻവീട്, ലീലാമ്മ തോമസ് |





| | | |
|---|---|---|
| | 20 | തേവിരേത്ത് പുത്തൻപറമ്പിൽ, മാത്യു ദാനിയേൽ |
| | 27 | പള്ളിതെക്കേൽ സിബിൻ വില്ല, ഗ്രേസ് ജോൺ |
| ജൂൺ | 03 | വെട്ടിയ്ക്കൽ ജെയ് ഭവൻ, വി.ഒ. ഈപ്പൻ |
| | 10 | വെട്ടിയ്ക്കൽ സുവാർത്താ ഭവൻ, വി.ഒ. വർഗീസ് |
| | 17 | വെട്ടിയ്ക്കൽ റെയ്ജോ ഭവൻ, ജെയിംസ് ഉമ്മൻ |
| | 24 | വെട്ടിയ്ക്കൽ അനി വില്ല, വി.ഒ. ഉമ്മൻ |
| **ഇടയാറന്മുള പടിഞ്ഞാറ് കുടി ഭാഗം** | | **3.30 പി.എം** |
| ഏപ്രിൽ | 08 | ആശാ വില്ല, മറിയാമ്മ മത്തായി |
| | 22 | ആലക്കോട്ട്, പൊന്നമ്മ ജേക്കബ് |
| മെയ് | 13 | പുറ്റുംപുറത്ത്, പി.ജി. വർഗീസ് |
| | 27 | പാലയ്ക്കൽ, ഐപ്പ് സഖറിയാ |
| ജൂൺ | 10 | ഇളമ്പാശേരിൽ, ഇ.എം. ഈശോ |
| | 24 | ഇളമ്പാശേരിൽ, ചിന്നമ്മ ഈശോ |
| **ഇടയാറന്മുള പടിഞ്ഞാറ് നടു ഭാഗം** | | **3.00 പി.എം** |
| ഏപ്രിൽ | 08 | കൊച്ചുപ്ലാമ്മൂട്ടിൽ അക്സാ ഭവൻ, അന്നമ്മ വർഗീസ് |
| | 15 | ആഞ്ഞിലിമൂട്ടിൽ, എ.വി. വർഗീസ് |
| | 22 | ഉതിനിൽക്കുന്നതിൽ, സി.എം. മാത്യു |
| | 29 | മേനാംമൂട്ടിൽ, എം.ജെ. മാത്യു |
| മെയ് | 06 | മേനാംമൂട്ടിൽ, ബിജി മാത്യു |
| | 13 | മാണാമ്പ്ര പടിഞ്ഞാറേൽ, മാത്യു തോമസ് |
| | 20 | നെടിയകാലായിൽ, ജോസ് തോമസ് |
| | 27 | കൊച്ചുപ്ലാമ്മൂട്ടിൽ ഗ്രേസ് വില്ല, കെ.വി. മത്തായി |
| ജൂൺ | 03 | കൊച്ചുപ്ലാമ്മൂട്ടിൽ, ഏലിക്കുട്ടി വർഗീസ് |
| | 17 | കൊച്ചുപ്ലാമ്മൂട്ടിൽ, റവ. കെ.വി. ശമുവേൽ |
| | 24 | പനച്ചമൂട്ടിൽ, മത്തായി മാത്യു |
| **ഇടയാറന്മുള പടിഞ്ഞാറ് മല** | | **3.30 പി.എം** |
| ഏപ്രിൽ | 01 | ആനിക്കാട്ട് ജോയ്സ് ഭവൻ, എ.വി. തോമസ് |
| | 15 | ആനിക്കാട്ട് മേഴ്സി ഭവൻ, എ.വി. ജോസഫ് |
| മെയ് | 06 | ആനിക്കാട്ട്, കുഞ്ഞമ്മ സ്കറിയാ |
| | 20 | തൈക്കൂട്ടത്തിൽ, തോമസ് റ്റി.തോമസ് |

| | | |
|---|---|---|
| ജൂൺ | 03 | മാണാമ്പ്ര പടിഞ്ഞാറേകോലാ, വി.എം. തോമസ് |
| | 17 | മാണാമ്പ്ര പടിഞ്ഞാറേകോലായിൽ, ശമുവേൽ തോമസ് |
| **ഇടയാറന്മുള പടിഞ്ഞാറ് ശാലേം** | | **4.00 പി.എം** |
| ഏപ്രിൽ | 08 | കോയിപ്പുറത്തുകാലായിൽ, മാത്യു തോമസ് |
| | 15 | ആനിക്കാട്ട് കൃപാ ഭവൻ, ലീലാമ്മ ജോർജ് |
| | 22 | ആനിക്കാട്ട് ശാന്തി ഭവൻ, ജേക്കബ് മാത്യു |
| | 29 | കോലത്ത് കവിണേടത്ത്, കെ. ജോസഫ് |
| മെയ് | 06 | ആനിക്കാട്ട് കൊച്ചുപുരയ്ക്കൽ, എ.എസ്. തോമസ് |
| | 13 | കോയിപ്പുറത്തുകാലായിൽ, മറിയാമ്മ തോമസ് |
| | 20 | കോയിപ്പുറത്തുകാലായിൽ, തോമസ് കെ. മാത്യു |
| | 27 | മുതുവാംകോട്ട്, തോമസ് ജോർജ് |
| ജൂൺ | 03 | ആനിക്കാട്ട് മലേവീട്ടിൽ, പി.കെ. ഗീവർഗീസ് |
| | 10 | വള്ളിക്കാലായിൽ കോയിപ്പുറത്തുകാലായിൽ, മറിയാമ്മ ജോർജ് |
| | 17 | ആനിക്കാട്ട് കളരിക്കോട്ട്, തോമസ് ജോസഫ് |
| | 24 | കുട്ടമത്തയ്യത്ത്, സാജൻ ജോൺ |
| **ഇടയാറന്മുള നടുവിലേമുറി** | | **4.30 പി.എം** |
| ഏപ്രിൽ | 08 | കുമ്പളപ്പള്ളിൽ, കെ.കെ. വർഗീസ് |
| | 15 | കുമ്പളപ്പള്ളിൽ, കെ.കെ. മാത്യു |
| | 22 | കുമ്പളപ്പള്ളിൽ, ശോശാമ്മ ജോർജ് |
| | 29 | കുമ്പളപ്പള്ളിൽ, മാത്യു വർഗീസ് |
| മെയ് | 06 | കുരങ്ങാട്ട്, വർഗീസ് തോമസ് |
| | 13 | മേക്കോൺ പുത്തൻവീട്, ജോൺ പ്രകാശ് |
| | 20 | മേക്കോൺ പുത്തൻവീട്, പൊന്നമ്മ ജോൺ |
| | 27 | മുളയ്ക്കൽ പാറിടയിൽ, ജോർജ് ജോസഫ് |
| ജൂൺ | 03 | പാറിടയിൽ മനോഹര, പി.ജെ. മാത്യൂസ് |
| | 10 | തേവള്ളിൽ, റ്റി.ഒ. വർഗീസ് |
| | 17 | പടിയ്ക്കൽ, പി.ജി. ജോർജ് |
| | 24 | പടിയ്ക്കൽ, പി.ജി. മാത്യു |
| **ഇടയാറന്മുള നടുമല എരുമക്കാട്** | | **4.00 പി.എം** |
| ഏപ്രിൽ | 08 | ചെമ്പകശേരിൽ കടവിൽ, ജോസഫ് ജോസ് |
| മെയ് | 06 | കുരങ്ങാട്ട് മലയിൽ, ജോർജ് മാത്യു |





| | | |
|---|---|---|
| ജൂൺ | 03 | പാറിടയിൽ ബംഗ്ലാവ്, ദീനാമ്മ ജോൺ |
| **ഇടയാറന്മുള കിഴക്കേമുറി** | | **4.00 പി.എം** |
| ഏപ്രിൽ | 08 | മുറിപ്പുരയ്ക്കൽ ജിബിൻ വില്ല, ജോർജ് വർഗീസ് |
| | 15 | മുറിപ്പുരയ്ക്കൽ, സൂസമ്മ മാത്യു |
| | 22 | ആക്കനാട്ട് മലയിൽ, ഏബ്രഹാം റോയി |
| മെയ് | 06 | കാലായിൽ, കെ.റ്റി. ജോർജ് |
| | 20 | കൂന്തേനിയ്ക്കൽ ജോബിൻ വില്ല, ജോൺ വർഗീസ് |
| ജൂൺ | 03 | കൂന്തേനിയ്ക്കൽ, ഏബ്രഹാം വർഗീസ് |
| | 17 | കൊല്ലംപടിയ്ക്കൽ, കെ.റ്റി. തോമസ് |
| **ഇടയാറന്മുള വടക്കേടത്ത് ഭാഗം** | | **4.00 പി.എം** |
| ഏപ്രിൽ | 08 | തെക്കേടത്ത്, സണ്ണി ജോർജ് |
| മെയ് | 20 | കൊച്ചുമണ്ണിൽ, ലീലാമ്മ തോമസ് |
| ജൂൺ | 10 | തെക്കേടത്ത്, തോമസ് ജോർജ് |
| **തുരുത്തിമല ശാലേം** | | **4.00 പി.എം** |
| ഏപ്രിൽ | 08 | കണ്ണങ്ങാട്ട്, ജോർജ് ചാക്കോ |
| മെയ് | 13 | തുരുത്തിയിൽ, പി.വി. ജോർജ് |
| ജൂൺ | 10 | പൂവൻകണ്ടത്തിൽ, പി.പി. മോഹൻ |
| **തുരുത്തിമല എബനേസർ** | | **4.00 പി.എം** |
| ഏപ്രിൽ | 01 | പരുത്തുപാറ പുത്തൻവീട്, മേരി ചെറിയാൻ |
| | 15 | കുറ്റിയിൽ പുത്തൻവീട്, ജോസ് ചെറിയാൻ |
| മെയ് | 13 | ശാന്തിയിൽ പുത്തൻവീട്, ആൽവിൻ എം. മാത്യു |
| | 20 | പരുത്തുപാറ പ്രിൻസ് കോട്ടേജ്, മേരി ബേബി |
| ജൂൺ | 03 | തുരുത്തിയിൽ, പി.കെ. തോമസ് കുട്ടി |
| | 17 | ചക്കാലയിൽ പുത്തൻവീട്, സി.കെ. തോമസ് |
| **എരുമക്കാട് ശാലേം** | | **4.00 പി.എം** |
| ഏപ്രിൽ | 01 | കോയിപ്പാക്കൽ, ബിജി കെ. തോമസ് |
| മെയ് | 06 | പാറിടയിൽ ബാബു ഭവൻ, മറിയാമ്മ ഏബ്രഹാം |
| ജൂൺ | 03 | കോയിപ്പാക്കൽ, അന്നമ്മ തോമസ് |
| **എരുമക്കാട് ബെഥേൽ** | | **3.30 പി.എം** |
| ഏപ്രിൽ | 29 | ചിറവക്കുളത്തിൽ, ജോർജ് ശമുവേൽ |
| മെയ് | 27 | ചിറവക്കുളത്തിൽ, മാത്യു ശമുവേൽ |

| | | | |
|---|---|---|---|
| ജൂൺ | 24 | ചിറവക്കുളത്തിൽ, ഏലിയാമ്മ ശമുവേൽ | |
| **എരുമക്കാട് ഇമ്മാനുവേൽ** | | | **3.30 പി. എം** |
| ഏപ്രിൽ | 08 | കുമ്പളപ്പള്ളിൽ, കെ.എസ്. തോമസ് | |
| മെയ് | 13 | കാലായിൽ, സ്കറിയാ വർഗീസ് | |
| ജൂൺ | 10 | കാലായിൽ ലിബിൻ വില്ല, സഖറിയാ തോമസ് | |
| **ളാക കിഴക്ക് വടക്ക്** | | | **4.00 പി. എം** |
| ഏപ്രിൽ | 08 | മുട്ടത്തുശേരിൽ റെജി വില്ല, ഏബ്രഹാം തോമസ് | |
| | 15 | കണിയാംപറമ്പിൽ സന്തോഷ് ഭവൻ, വർഗീസ് ജോൺ | |
| | 22 | മേക്കോൺ കണ്ണങ്ങാട്ട്, മേരിക്കുട്ടി ജോർജ് | |
| | 29 | കുന്നമ്പള്ളിൽ. സി.എ. മാത്യു | |
| മെയ് | 06 | പുതിയവീട്ടിൽ, പി.ജെ.ജോർജ് | |
| | 13 | കണിയാംപറമ്പിൽ റെനി വില്ല, ജോൺ ജോൺ | |
| | 20 | ഇരപ്പൻകാലായിൽ, പി.പി. ശമുവേൽ | |
| | 27 | ഇടത്തിമലയിൽ, ഇ.വി.മാത്യു | |
| ജൂൺ | 03 | വടക്കേപ്പറമ്പിൽ, വി.ജെ. ശമുവേൽ | |
| | 10 | കണിയാംപറമ്പിൽ, മറിയാമ്മ ഏബ്രഹാം | |
| | 17 | പാറയിൽ കെ.വി. ചാക്കോ | |
| | 24 | ഇരപ്പൻകാലായിൽ, റ്റി.ജെ. ജോർജ് | |
| **ളാക പള്ളി ഭാഗം** | | | |
| ഏപ്രിൽ | 08 | മൊട്ടയ്ക്കൽ, റെജി ജോർജ് | **7.00 പി. എം** |
| മെയ് | 06 | മൊട്ടയ്ക്കൽ, സാം വർഗീസ് | **4.00 പി. എം** |
| ജൂൺ | 03 | ഓട്ടാനിയ്ക്കൽ, തോമസ് വർക്കി | |
| **ളാക പടിഞ്ഞാറ് ശാലേം** | | | **4.00 പി. എം** |
| ഏപ്രിൽ | 08 | വാക്യപ്പടിയ്ക്കൽ, സാറാമ്മ ഏബ്രഹാം | |
| | 22 | പുലിക്കുന്നിൽ, ഫിലിപ്പ് ദാനിയേൽ | |
| മെയ് | 13 | കോട്ടയ്ക്കകത്തുമലയിൽ, ഏബ്രഹാം തോമസ് | |
| | 27 | കോട്ടയ്ക്കകത്തുമലയിൽ, റാഹേൽ വർഗീസ് | |
| ജൂൺ | 10 | കോട്ടയ്ക്കകത്തുമലയിൽ, കെ.റ്റി. തോമസ് | |
| | 24 | കണ്ണങ്ങാട്ടുകുഴിയിൽ, ജോർജ് ചാക്കോ | |